**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3984** **28-06-2024 - ൽ മറുപടിയ്ക്ക്**

**അരൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനു സ്ഥലം ലഭ്യമാക്കുന്നതിനായി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അരൂർ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ദേശീയ പാതയോട് ചേർന്ന അരൂർ വില്ലജ് ഓഫീസിനു സമീപം അരൂർ പോലീസ് സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം എന്ത് കൊണ്ടാണ് സ്റ്റേഷൻ നിർമ്മാണത്തിന് ഉപയോഗിക്കാത്തതെന്ന് വിശദമാക്കാമോ; | (ബി) | അരൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അരൂർ വില്ലേജിൽ സർവ്വേ നമ്പർ 13/5 B യിൽ ഉൾപ്പെട്ട 25.5 ആർസ് (62.98 Cent) ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പോലീസ് സ്റ്റേഷന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (സി) | അരൂർ ഇടക്കൊച്ചി ദേശീയ പാതയ്ക്ക് അരികെ, അരൂർ വ്യവസായ മേഖലയിൽ Aroor Steel Rolling Mill, Periyar Engineering എന്നീ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം പുതിയ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന്, ടി സ്ഥലം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ലഭിക്കുന്നതിനുള്ള തുടർനടപടികൾക്കായി ചേർത്തല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് നാളിതുവരെ കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ? | (ഡി) | അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി നാളിതു വരെ കണ്ടെത്തിയ സ്ഥലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) അരൂർ വില്ലേജിൽ സർവ്വേ നമ്പർ 36/8-ൽ പ്പെട്ട 9.71 ആർസ് ഭൂമി.<br>2) അരൂർ വില്ലേജിലെ സർവ്വേ നമ്പർ 13/5 B യിൽ ഉൾപ്പെട്ട 25.50 ആർസ് പുറമ്പോക്ക് സ്ഥലം (ദേശീയ പാതയ്ക്ക് സമീപം).<br>3) അരൂർ-ഇടക്കൊച്ചി ദേശീയ പാതയ്ക്ക് അരികെ, അരൂർ വ്യവസായ മേഖലയിൽ Aroor Steel Rolling Mill, Periyar Engineering എന്നീ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം. |

സെക്ഷൻ ഓഫീസർ